LIBRARY ARCHIVES Kerala Legislative Assembly

വേമ്പനാട് കായൽ വൃത്തിയാക്കൽ യജ്ഞത്തിനായി 100 ലക്ഷം രൂപ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും 1600 ലക്ഷം രൂപയും അക്വാകൾച്ചർ ഡെവലപ്മെന്റിനായുള്ള മൂലധന വികസന പ്രവർത്തനങ്ങൾക്കായി 400 ലക്ഷം രൂപയും ഉൾപ്പെടുന്നു. ആയതനുസരിച്ച് ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം - ജനകീയ മത്സ്യക്കൃഷി പദ്ധതിയും പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 300 ലക്ഷം രൂപയുടെ പദ്ധതിയും, റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നതിനായി 150 ലക്ഷം രൂപയുടെ പദ്ധതിയും പരിഗണനയിലുണ്ട്. ഇതുകൂടാതെ കായലിലെയും പുഴകളിലെയും പ്രകൃത്യാലുള്ള മത്സ്യസമ്പത്ത് സുസ്ഥിരമായി പരിപാലിക്കുക വഴി മത്സ്യബന്ധനം വഴിയുള്ള ഉൾനാടൻ മത്സ്യോല്പാദനം ഉയർത്തുവാൻ കഴിയുന്നതാണ്. ആയതിലേയ്ക്ക് കേരള ഇൻലാന്റ് ഫിഷറീസ് അക്വാകൾച്ചർ ആക്ട് കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

(ഡി) ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കാനായി എന്തെങ്കിലും പുതിയ പദ്ധതി ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം 9800 ലക്ഷം രൂപയുടെ സുഭിക്ഷ കേരളം - ജനകീയ മത്സ്യക്കൃഷി പദ്ധതി പരിഗണനയിലുണ്ട്.

ചെല്ലാനത്തെ മാതൃകാ തീരദേശപ്രദേശമായി മാറ്റൽ

220(726) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ പേമാരിയും കടലേറ്റവും കാരണം വൻ നാശം വിതച്ച യാസ് ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലും കൊച്ചി മണ്ഡലത്തിലെ ചെല്ലാനം ഗ്രാമത്തിലെ നൂറുകണക്കിന് കുടുംബങ്ങൾ ദുരിതക്കയത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ചെല്ലാനം മേഖലയിൽ അടിക്കടിയുണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭവുമായി ബന്ധപ്പെട്ട് ചെല്ലാനം തീരദേശ നിവാസികൾ നേരിടുന്ന എല്ലാത്തരം പ്രശ്നങ്ങളും പഠിച്ച് ചെല്ലാനത്തെ മാതൃകാ മത്സ്യഗ്രാമം ഉൾപ്പെടെയുള്ള മാതൃകാ തീരദേശ പ്രദേശമായി മാറ്റുന്നതിന് അടിന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സ്വീകരിക്കും. മാതൃകാ ഗ്രാമം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഫിഷറീസ് യൂണിവേഴ്സിറ്റിയെ (KUFOS) ചുമതലപ്പെടുത്തിയിട്ടുണ്ട്. കുഫോസ് വിശദമായ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

നീണ്ടകരയിലെ കായൽ പ്രദേശത്തിന്റെ ആഴം കൂട്ടുന്നത് സംബന്ധിച്ച്

221(727) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീണ്ടകര മത്സ്യബന്ധന തുറമുഖം മുതൽ ദളവാപുരം വരെയുള്ള കായൽ പ്രദേശത്തിന്റെ ആഴം കൂട്ടുന്നതിന് 10 കോടി രൂപ അനുവദിച്ച പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നീണ്ടകര മത്സ്യബന്ധന തുറമുഖം മുതൽ ദളവാപുരം പാലം വരെ ഡ്രഡ്ജ് ചെയ്യുന്നതിന് 9.991 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. അതനുസരിച്ച് മാമൻ തുരുത്ത് മുതൽ ദളവാപുരം വരെയുള്ള ഡ്രഡ്ജിംഗിനായി 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ ടി സ്ഥാപനത്തിന് കരാർ പ്രവൃത്തിയുടെ 3.43 ശതമാനം മാത്രമേ നിർവ്വഹിക്കുവാനായുള്ളൂ എന്നതിനാലും പ്രവൃത്തിയുടെ നടത്തിപ്പിൽ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച പരിഗണിച്ചും ഡ്രെഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ ടി പ്രവൃത്തിയുടെ കരാറിൽനിന്നും ഒഴിവാക്കി പുനർദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

വടകര നിയോജകമണ്ഡലത്തിലെ ബയോ ഗ്യാസ് പ്ലാന്റ്

222(728) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ ചോമ്പാല മത്സ്യമാർക്കറ്റിനോട് അനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും ഇതിനായി സർക്കാർ എത്ര തുകയാണ് ചെലവഴിച്ചതെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly